മൂന്നുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. മൂന്നുലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തേണ്ടതാണ്.

3. പൊതുജനങ്ങൾ

വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസധന സഹായമായി ഒരുലക്ഷം രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകിവരുന്നു.

പെരിങ്ങൽകുത്ത്-പുളിയിലപ്പാറയിലെ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ അനുമതി

52 (6503) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പെരിങ്ങൽകുത്ത്-പുളിയിലപ്പാറയിൽ ആറ് പതിറ്റാണ്ടുകളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായി വൈദ്യുതി വകുപ്പിന്റെ അനുമതി റവന്യൂ വകുപ്പിന് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പെരിങ്ങൽകുത്തിലെ പുളിയിലപ്പാറ കോളനി ഭൂമി കേരളം വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വനഭൂമിയാണ്. ഇത് വൈദ്യുതി ബോർഡിന്, വനം വകുപ്പിൽനിന്നും പാട്ടത്തിന് ലഭിച്ച ഭൂമിയായതുകൊണ്ട് പട്ടയം സംബന്ധിച്ചുള്ള വിഷയങ്ങളിൽ വനം വകുപ്പാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ

53 (6504) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് ബാധകമായ കെ.എസ്.ആർ., കെ.എസ്.എസ്.ആർ. ഉൾപ്പെടെയുള്ള സർവ്വീസ് ചട്ടങ്ങൾ കമ്പനിയാക്കുന്നോഴും ബാധകമായിരിക്കുമോയെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly